ഉത്തരം

(എ) 20-3-1991 മുതൽ.

(ബി) അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന കൈത്തൊഴിൽ കാർക്കും മറ്റു വിഭഗ്ദ്ധ തൊഴിലാളികൾക്കും, അതായത് പനകയറ്റക്കാർ, സ്വർണ്ണപ്പണിക്കാർ, പർപ്പടകം ഉണ്ടാക്കുന്നവർ, മൺപാത്രം ഉണ്ടാക്കുന്നവർ, ചക്കുകളിൽ എണ്ണ ആട്ടുന്നവർ, ഓട്-ചെമ്പ്-കളിമൺ പാത്രനിർമ്മാണ തൊഴിലാളികൾ, പെരുപ്പുകുത്തികൾ, റിക്ഷാ-സൈക്കിൾ റിക്ഷാ തൊഴിലാളികൾ, കാളവണ്ടിക്കാർ, പത്രം-കാലിച്ചാക്ക് ശേഖരിക്കുന്നവർ, കേവുവള്ളമൂന്നുകാർ, ആനകയറ്റ തൊഴിലാളികൾ, വാച്ച്, സൈക്കിൾ തുടങ്ങിയവ റിപ്പയർ ചെയ്യുന്നവർ, കരകൗശലത്തൊഴിലാളികൾ ആക്രി തൊഴിലാളികൾ, പാൽ, പത്രം മുതലായവ വിതരണം ചെയ്യുന്നവർ, തേങ്ങാവെട്ടി ഉണക്കുന്നവർ, വർക്ക്ഷോപ്പ് തൊഴിലാളികൾ, മൽസ്യ സംസ്ക്കരണത്തിനുവേണ്ടി ഐസ് നിർമ്മിക്കുന്നവർ, കറവക്കാർ, ഇറച്ചി വെട്ടുകാർ, മൽസ്യത്തൊഴിലാളിക്ഷേമ പദ്ധതിയുടെ പരിധിയിൽ വരാത്ത മൽസ്യത്തൊഴിലാളികൾ, ഫോട്ടോഗ്രാഫർമാർ, ബാർബർമാർ, അലക്കുകാർ തുടങ്ങി മറ്റ് ഏതെങ്കിലും ക്ഷേമപദ്ധതിയുടെ പരിധിയിൽ വരാത്ത എല്ലാ തൊഴിലാളികളും.

(സി) പദ്ധതിയിൽ നാൽപ്പത് വർഷം പൂർത്തിയാക്കിയ അംഗത്തിന് റിട്ടയർമെന്റ് ആനുകൂല്യമായി 50,000 രൂപ ലഭിക്കുന്നതാണ്. അംഗമായിരിക്കെ മരണമടയുന്ന അംഗത്തിന്റെ അവകാശിക്ക് റിട്ടയർമെന്റ് ആനുകൂല്യത്തിനുപുറമേ 10,000 രൂപ ധനസഹായം ലഭിക്കുന്നതാണ്. സ്ഥായിയായി അംഗവൈകല്യം സംഭവിച്ച് തൊഴിൽ ചെയ്യാൻ സാധിക്കാത്തവർക്ക് അടിയന്തിരമായി 500 രൂപയും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാസംതോറും 100 രൂപയും നൽകുന്നതാണ്. അംഗങ്ങളുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. മരണമടയുന്ന അംഗങ്ങളുടെ ശവസംസ്കാര ചെലവിനായി 500 രൂപ നൽകുന്നു. അംഗങ്ങൾക്ക്, പണിയായുധം വാങ്ങുന്നതിന് 2,000 രൂപ വരെ പലിശയില്ലാത്ത വായ്പ നൽകുന്നു. സ്ത്രീ അംഗത്തിന് പ്രസവാനുകൂല്യമായി 500 രൂപ നൽകുന്നതാണ്. ഈ ആനുകൂല്യം രണ്ടുതവണ മാത്രമേ നൽകുകയുള്ളൂ. പെൺകുട്ടികളുടെ വിവാഹ ചെലവിനായി ഒരംഗത്തിന് 1,000 രൂപ നൽകുന്നു.

(ഡി) 350,943 തൊഴിലാളികൾ.

ഈറ, പനമ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി

45. [1826] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈറ, പനമ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഈ മേഖലയിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) സ്ത്രീ തൊഴിലാളികൾ കൂടുതൽ ജോലി ചെയ്യുന്ന ഒരു തൊഴിൽ മേഖല എന്ന നിലയ്ക്ക് ഈ വിഭാഗം തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഈ മേഖലയിൽ ബാംബു കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 52,920 തൊഴിലാളികളും ഉൾപ്പെടെ 152,920 (ഒരു ലക്ഷത്തി അൻപത്തിരണ്ടായിരത്തി തൊള്ളായിരത്തി ഇരുപത്) തൊഴിലാളികളും ജോലി ചെയ്യുന്നുണ്ട്.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ടാക്സി-ടെംപോ-ട്രക്കർ-ആട്ടോറിക്ഷാ തൊഴിലാളികൾക്ക് ക്ഷേമനിധി

46. [1827] ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടാക്സി-ടെംപോ-ട്രക്കർ-ആട്ടോറിക്ഷാ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ടാക്സി-ടെംപോ-ട്രക്കർ എന്നീ വാഹനങ്ങളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് നിലവിലുള്ള മോട്ടോർ തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാണ്. ഓട്ടോറിക്ഷാ തൊഴിലാളികൾക്കുവേണ്ടി പ്രത്യേകം ക്ഷേമപദ്ധതി നിലവിലുണ്ട്. ടാക്സി-ടെംപോ-ട്രക്കർ തൊഴിലാളികൾക്ക് പ്രത്യേകം ക്ഷേമനിധി ഏർപ്പെടുത്തണമെന്ന നിവേദനം ലഭിച്ചതായി കാണുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

നിർമ്മാണതൊഴിലാളി ക്ഷേമനിധി ബോർഡ് നിയമത്തിന് ഭേദഗതി

47. [1828] ശ്രീ. ഒ. ഭരതൻ :
,, എ. കണാരൻ :
,, സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ആക്ടിൽ ഭേദഗതി വരുത്താൻ ക്ഷേമനിധി ബോർഡ് ശുപാർശ ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു ;

(ബി) ഏതെല്ലാം ശുപാർശകളാണ് ഗവൺമെന്റിന്റെ മുൻപാകെ സമർപ്പിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly